LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി & സി) പ്രസ്തുത പ്രവൃത്തിയിൽ കരാറുകാരൻ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയിട്ടും നാളിതുവരെ കരാറുടമ്പടിയിൽ ഏർപ്പെട്ടിട്ടില്ല. ആയതിനാൽ കരാറുകാരന് അന്തിമ നോട്ടീസ് നൽകിയിട്ടുണ്ട്. തടസ്സങ്ങൾ ഒഴിവാക്കി അടിയന്തരമായി നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കുടുംബശ്രീ കാറ്ററിംഗ് യൂണിറ്റ്

274 (1748) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുടുംബശ്രീയിലെ കാറ്ററിംഗ് യൂണിറ്റുകൾക്ക് പരിശീലനം നൽകുന്ന 'ഐഫ്രം' എന്ന സ്ഥാപനത്തിന് നാളിതുവരെ എത്ര ഇക നൽകിയിട്ടുണ്ടെന്നും കോട്ടയത്ത് നടന്ന 10 ദിവസത്തെ ഭക്ഷ്യ മേളയ്ക്ക് മേൽനോട്ടം വഹിച്ചതിന് എത്ര ഇക നൽകിയെന്നും വ്യക്തമാക്കുമോ?

ഉത്തരം

കുടുംബശ്രീയുടെ ക്യാന്റീൻ കാറ്ററിംഗ് മേഖലയിലെ പരിശീലന ഏജൻസിയായ 'ഐഫ്രം' എന്ന സ്ഥാപനത്തിന് നാളിതുവരെ പരിശീലനത്തിനും ഭക്ഷ്യമേളകളുടെ സംഘാടനത്തിനുമായി 2,06,34,829 രൂപ നൽകിയിട്ടുണ്ട്. 2014 ഏപ്രിൽ 25 മുതൽ മേയ് 6 വരെ കോട്ടയത്തുനടന്ന വനിതാ മാക്സ് ഫെസ്റ്റിന് മേൽനോട്ടം വഹിച്ചതിന് ഐഫ്രത്തിന് 1,12,181 രൂപ നൽകിയിട്ടുണ്ട്.

ഇലക്ട്രിക് പൊതുശ്മശാനത്തിന്റെ നിർമ്മാണ പ്രവർത്തനം

275 (1749) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴയ കുന്നത്തൂർ ഗ്രാമ പഞ്ചായത്തിലെ കാനാറയിൽ കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് നിർമ്മിക്കുവാൻ തീരുമാനിച്ച ഇലക്ട്രിക് പൊതുശ്മശാനത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) എത്ര ഇകയുടെ എസ്റ്റിമേറ്റാണ് ഇതിനായി തയ്യാറാക്കിയിട്ടുള്ളതെന്നും നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് പൂർത്തിയാകുമെന്നും കരാർ ഏറ്റെടുത്തിരിക്കുന്നത് ആരാണെന്നും വ്യക്തമാക്കുമോ;

(സി) ശ്മശാന നിർമ്മാണത്തിന് തടസ്സമെന്തെങ്കിലുമുണ്ടോയെന്ന് വിശദമാക്കുമോ?